പോലീസ് വകുപ്പിൽ പോലീസ് കോൺസ്റ്റബിൾ (APB) (കാസറഗോഡ് KAP IV) (Cat. No. 537/22) തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവെടുപ്പും കായികക്ഷമതാ പരീക്ഷയും 2024 ഫിബ്രുവരി 06 മുതൽ 12 വരെയുള്ള (ഫിബ്രുവരി 10, 11 ഒഴികെ 5 ദിവസം) തീയ്യതികളിലായി രാവിലെ 5.30 മണി മുതൽ GVHSS, Mananthavady സ്കൂൾ ഗ്രൗണ്ടിൽ വെച്ച് നടത്തുവാൻ ബഹു. കമ്മീഷൻ തീരുമാനിച്ചിരിക്കുന്നു. അർഹരായ ഉദ്യോഗാർത്ഥികൾക്കുള്ള വ്യക്തിഗത അറിയിപ്പ് (അഡ്മിഷൻ ടിക്കറ്റ്) അവരവരുടെ പ്രൊഫൈലിലും മൊബൈലിൽ എസ്.എം.എസും ലഭ്യമാക്കിയിട്ടുണ്ട്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിൽ എല്ലാ അവശ്യ രേഖകളും Upload ചെയ്യേണ്ടതും Profile ൽ നിന്നും ഡൗൺലോഡ് ചെയ്ത അഡ്മിഷൻ ടിക്കറ്റ്, അസ്സൽ തിരിച്ചറിയൽ രേഖ, ഗവ:ഡോക്ടർ (ജൂനിയർ കൺസൾട്ടന്റ്/അസിസ്റ്റന്റ് സർജൻ)ൽ നിന്നും ലഭിക്കുന്ന ഗസറ്റ് വിജ്ഞാപനത്തിൽ കൊടുത്തിട്ടുള്ള മാതൃകയിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം നിശ്ചിത സ്ഥലത്തും സമയത്തും കായികക്ഷമതാ പരീക്ഷയ്ക്ക് ഹാജരാകേണ്ടതാണ്. കായിക ക്ഷമതാ പരീക്ഷയിൽ യോഗ്യത നേടുന്ന ഉദ്യോഗാർത്ഥികൾക്കുള്ള ഒറ്റത്തവണ പ്രമാണ പരിശോധന അന്നേ ദിവസം തന്നെ കൽപ്പറ്റയിലുള്ള ജില്ലാ പി.എസ്.സി ഓഫീസിൽ വെച്ച് നടത്തുന്നതും, യഥാസമയം ഹാജരായി വെരിഫിക്കേഷൻ പൂർത്തിയാക്കേണ്ടതുമാണ്. ഹാജരാകാത്തവർക്ക് മറ്റൊരവസരം നൽകാതെ തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തീകരിക്കുന്നതാണ്.